"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട് തിരുവനന്തപുരം-14,

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: സുനിൽ ജേക്കബ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും - ഭേദഗതി വരുത്തൽ - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:

പരാമർശം:- 1. ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നം.എ6/30535/13 തീയതി, 21.10.2013.
2. ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നം.എ6/30535/13 തീയതി, 31.1.2014.

---------------

## ഉത്തരവ് നമ്പർ എ6/30535/13 തീയതി, 03.02.2014

മേൽ സൂചന (2) ലെ ഉത്തരവിൽ നൽകിയിരുന്ന ഒഴിവ് വിവരങ്ങളിൽ ക്രമ നം.9 ഐ.ടി.ഐ കണ്ണൂരിൽ ഉണ്ടെന്ന് സൂചിപ്പിച്ചിരുന്ന ഒരു ഒഴിവ്, മേൽ സൂചന(1) ആയി പരാമർശിച്ചിരിക്കുന്ന ഉത്തരവിൻപ്രകാരം നികത്തപ്പെട്ടിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ, സ്ഥലംമാറ്റങ്ങൾക്ക്ശേഷം ഒഴിവ് വരുന്ന 31 ഒഴിവുകളിൽ ക്രമനം.8 ഐ.ടി.ഐ കാസർഗോഡിലെ രണ്ട് ഒഴിവുകളിൽ ഒന്ന് മാത്രമാണ് ഉണ്ടാവുക എന്നു കാണുന്നു. മേൽ പറഞ്ഞ ഒരു ഒഴിവ് ഇല്ലാതാകുന്ന അവസരത്തിൽ പുതുതായി 30 പേരെ മാത്രമേ സ്ഥാനക്കയറ്റം നൽകി നിയമിയ്ക്കാൻ കഴിയുകയുള്ളു.

ഈ സാഹചര്യത്തിൽ സ്ഥലംമാറ്റം നൽകി നിയമിച്ചതിൽ ക്രമ നമ്പർ 30 ശ്രീ.സന്തോഷ് കുമാർ.എൻ-ന്റെ ഐ.ടി.ഐ കാസർഗോഡ് നിന്നും ഐ.ടി.ഐ കണ്ണൂരിലേയ്ക്കുള്ള സ്ഥലംമാറ്റവും, സ്ഥാനക്കയറ്റം നൽകി നിയമിച്ചതിൽ ക്രമ നം.31 ശ്രീ.സന്തോഷ് കുമാർ.കെ യ്ക്ക് ഐ.ടി.ഐ ഏറ്റുമാനൂരിൽ നിന്നും ഐ.ടി.ഐ അട്ടപ്പാടിയിലേയ്ക്ക് നൽകിയ നിയമനവും ഇതിനാൽ റദ്ദ് ചെയ്യുന്നു. കാസർഗോഡ് ഐ.ടി.ഐ യിൽ നിയമിച്ചിരുന്ന ക്രമ.നം.29 ശ്രീ. എം.എസ്.ഉദയ കുമാറിനെ ഐ.ടി.ഐ അട്ടപ്പാടിയിലേയ്ക്ക് മാറ്റി നിയമിച്ച് കൊണ്ടും മുൻ ഉത്തരവിൽ ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ എത്രയുംവേഗം അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് പ്രവേശന കാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ടെ ങ്കിൽ യാത്രാപ്പടിയ്ക്ക് അർഹതയുണ്ടായിരിക്കും. സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരമുള്ള യാത്രപ്പടിക്കും പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ജി.ഒ (പി) നം.145/06 ഫിൻ തീയതി, 25.3.2006 പ്രകാരം സേവനത്തിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:-1. ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്
2. CA to DT
3. CA to ADT/JDT/ASPD/STI
4 . DD(Training)/DD (Planning)/DSA
5. SS(A)
6. Web site
7. A6 section (SF)
8. A2 Section

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്

R/3/2/2014